**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6489** **10-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രോത്സാഹന സമ്മാന പദ്ധതി തുടർന്നു വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.സി, റ്റി.റ്റി.സി, പോളിടെക്നിക്, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേഷൻ തുടങ്ങിയ കോഴ്സുകളിൽ ഉയർന്ന മാർക്കു വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാന പദ്ധതി പ്രകാരം സമ്മാന തുക 2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. മുഴുവൻ മാർക്ക് അല്ലെങ്കിൽ 1,2,3 റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനത്തിനു പുറമെ പ്രത്യേക പ്രോത്സാഹനവും നൽകുന്നതാണ്.<br><br>അക്കാഡമിക്ക് - കലാകായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു എന്നീ കോഴ്സുകളിൽ ഡിസ്റ്റിംക്ഷൻ, ഫസ്റ്റ് ക്ലാസ്സ് നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി വരുന്നു.<br><br>ഹയർ സെക്കൻഡറി തലത്തിൽ 100% മാർക്ക്/ ഉയർന്ന മാർക്ക് നേടുന്ന പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് വകുപ്പ് മന്ത്രിയുടെ കൈയ്യൊപ്പോട്ടു കൂടിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മൊമെന്റോ എന്നിവ മെറിറ്റ് അവാർഡായി നൽകി വരുന്നു. കുടുംബ വാർഷിക വരുമാനം 5 ലക്ഷത്തിൽ അധികരിക്കാത്തവർക്ക് പതിനായിരം രൂപ ക്യാഷ് അവാർഡും നൽകി വരുന്നു. |
| (ബി) | പ്രസ്തുത തുക ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.സി, റ്റി.റ്റി.സി, പോളിടെക്നിക്, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേഷൻ തുടങ്ങിയ കോഴ്സുകളിൽ ഉയർന്ന മാർക്കു വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാന പദ്ധതി പ്രകാരം സമ്മാന തുക 2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മുഴുവൻ മാർക്ക് അല്ലെങ്കിൽ 1,2,3 റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനത്തിനു പുറമെ പ്രത്യേക പ്രോത്സാഹനവും നൽകുന്നതാണ്.<br><br>അക്കാഡമിക്ക് - കലാകായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു എന്നീ കോഴ്സുകളിൽ ഡിസ്റ്റിംക്ഷൻ, ഫസ്റ്റ് ക്ലാസ്സ് നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി വരുന്നു.<br><br>ഹയർ സെക്കൻഡറി തലത്തിൽ 100% മാർക്ക്/ ഉയർന്ന മാർക്ക് നേടുന്ന പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് വകുപ്പ് മന്ത്രിയുടെ കൈയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മൊമെന്റോ എന്നിവ മെറിറ്റ് അവാർഡായി നൽകി വരുന്നു. കുടുംബ വാർഷിക വരുമാനം 5 ലക്ഷത്തിൽ അധികരിക്കാത്തവർക്ക് പതിനായിരം രൂപ ക്യാഷ് അവാർഡും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ